പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1354.

04.12.2014 ൽ മറുപടിക്ക്

**ഹോട്ടലുകളിലെ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരവും നിയന്ത്രണവും**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ കെ. കുഞ്ഞമ്മത് മാസ്റ്റർ; | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) ഹോട്ടലുകളിലെ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കാനും ഭക്ഷ്യവസ്തുക്കളുടെ വില നിയന്ത്രിക്കാനും ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഹോട്ടലുകളിലെ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനുള്ള നിയമനിർമ്മാണം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്. |
| (ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (ബി) ഗുണനിലവാരം പരിശോധിക്കുന്നതിനുവേണ്ടി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഫുഡ് ടെസ്റ്റിംഗ് ലാബുകളിലേക്ക് അയക്കുന്നതിനുവേണ്ടി എല്ലാ നിയോജക മണ്ഡലങ്ങളിലെയും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നല്കുകയും അതനുസരിച്ച് അവർ പ്രവർത്തിച്ചുവരുകയും ചെയ്യുന്നു. ഹോട്ടൽ റസ്റ്റോറന്റുകളിലും ഭക്ഷ്യസുരക്ഷാ ഗുണനിലവാരം ശക്തമായി നടപ്പിലാക്കുന്നതിനുവേണ്ടി 30 ഇന നിർദ്ദേശങ്ങൾ ഭക്ഷ്യസുരക്ഷാ കമ്മീഷണർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പാലിക്കാത്ത ഹോട്ടൽ റസ്റ്റോറന്റുകൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ